PROCEEDINGS OF

THE KERALA LEGISLATIVE ASSEMBLY

(SECOND SESSION—1963)

(Second Meeting)

Monday, the 11th November, 1963

Vol. XVII] OFFICIAL REPORT [No. 27

LIBRARY ARCHIVES Kerala Legislative Assembly

The Assembly met in the Assembly Chamber, Trivandrum, at Eight of the Clock on Monday, the 11th November, 1963, with Mr. Speaker in the Chair.

SHORT NOTICE QUESTIONS AND ANSWERS

(The number within brackets indicates the number in the list of admitted questions for the day)

വിധിനടത്തുസമയത്തു് മർദ്ദിച്ചതായി പരാതി.

* 878. [18] ശ്രീ. സി. അച്യുതമേനോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ആഭ്യന്തരവകുപ്പുമന്ത്രി സദയംമറുപടി നൽകുമോ:

(എ) കഴിഞ്ഞ ഒക്ടോബർ 29-ാം തീയതി മണപ്പാട്ടു് ഹൈദ്രോസു് ഹാജി എന്നൊരാളുടെ വിധിനടത്തിനുവേണ്ടി കൊട്ടങ്ങല്ലൂർ പോലീസു് പോകുകയുണ്ടായോ ;

(ബി) വിധിനടത്തു സമയത്തു് വീട്ടിലുണ്ടായിരുന്ന ഒരു വൃദ്ധയേയും രണ്ടു സ്ത്രീകളേയും ടി ഹൈദ്രോസു് ഹാജിയുടെ അനന്തരവനും പാരസ്യമായി പോലീസിന്റെ മുമ്പിലിട്ടു മർദ്ദിച്ചു എന്ന പരാതി ഗവണ്മെന്റിനു ലഭിച്ചിട്ടുണ്ടോ ;

(സി) അതിനെപ്പറ്റി ഗവണ്മെന്റു് അന്വേഷണം നടത്തിയോ ;

(ഡി) അന്വേഷണവിവരം വെളിപ്പെടുത്താമോ ?

ആഭ്യന്തരവകുപ്പുമന്ത്രി (ശ്രീ. പി. ടി. ചാക്കോ) :

(എ) ഉണ്ടായി.

(ബി) ഉണ്ടു്.

(സി) പോലീസു് ഈ സംഭവത്തെക്കുറിച്ചു് ഒരു കേസു് രജിസ്റ്റർ ചെയ്തിട്ടുണ്ടു്.

(ഡി) അന്വേഷണം നടന്നുകൊണ്ടിരിക്കുകയാണു്.

ശ്രീ. സി. അച്യുതമേനോൻ : അന്വേഷണം നടത്താൻ ആരെയാണു് ഉദ്ദേശിച്ചിരിക്കുന്നതു് ?

ശ്രീ. പി. ടി. ചാക്കോ : ഈ കേസ്സിന്റെ അന്വേഷണത്തിനു് അവിടത്തെ സർക്കിൾ ഇൻസ്പെക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ടു്. പാറുക്കുട്ടിഅമ്മ എന്ന സ്ത്രീയും അവരുടെ മക്കളും വിധി നടത്താൻ ചെന്ന ആമീൻ പറഞ്ഞിട്ടു് ഇറങ്ങിപ്പോയില്ല. അവർ അടുത്തുള്ള ഒരു ഷെഡ്ഡിൽ കയറി ഇരിക്കുകയാണു് ചെയ്തതു്. ആമീനാണു് ആദ്യമായി ബലം പ്രയോഗിച്ചതു്. അതിനെത്തുടർന്നു് ഇപ്പോഴുള്ള എന്റെ അറിവു വച്ചു് വസ്തു ഒഴിഞ്ഞുകൊടുക്കേണ്ടതായ ഹൈദ്രോസും അനുയായികളും കൂടിയാണു് ഇറക്കിവിട്ടതെന്നു് അറിയുന്നു. വിധിനടത്തുന്ന സമയത്തു് അവിടെ ഉണ്ടായിരുന്ന പോലീസ് സബ് ഇൻസ്പെക്ടർ ഇതിൽ ഇടപെടേണ്ടതായിരുന്നു. എന്നാൽ ഇടപെട്ടിട്ടില്ല എന്നാണു് അറിയുന്നതു്.

ശ്രീ. എൻ. എസ്. കൃഷ്ണപിള്ള : പോലീസ് അവിടെ ഉണ്ടായിരുന്നുവെങ്കിൽ ഈ സ്ത്രീകളേയും കുട്ടികളേയും മർദ്ദിച്ചവരെ പ്രതികളായി അറസ്റ്റു ചെയ്യുകയായിരുന്നോ ?

ശ്രീ. പി. ടി. ചാക്കോ : സബ് ഇൻസ്പെക്ടർ ഇടപെടേണ്ടതായിരുന്നു എന്നാണു് തോന്നുന്നതു്. എന്നാൽ ഇടപെട്ട എന്നു കാണുന്നില്ല. കേസ് അന്വേഷണത്തിൽ ഇരിക്കുന്നതുകൊണ്ടു് സബ് ജുഡീസ് ആണു്. അതിന്റെ വിശദാംശങ്ങളും ഇപ്പോഴും പറയുവാൻ നിവൃത്തിയില്ല.

ദേശമിത്രം പ്രസ്സിലെ പണിമുടക്കു്

* 879. [20] ശ്രീ. ടി. സി. നാരായണൻ നമ്പ്യാർ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ഗതാഗതവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂരു് ദേശമിത്രം പ്രസ്സിലെ തൊഴിലാളികളും തുടർന്നുവരുന്ന പണിമുടക്കുസമരം അനുരഞ്ജനപരമായി തീർക്കുന്നതിനു് എന്തൊക്കെ നടപടികളും എടുത്തു ;

(ബി) പ്രസ്തുത പ്രസ്സു് മാനേജ്മെന്റു് അധികൃതന്മാരുടെ നിർദ്ദേശങ്ങൾക്കും, ജില്ലയിലെ പ്രസ്സു് മുതലാളിമാരും തൊഴിലാളി യൂണിയനുകളും യോജിച്ചു് എടുത്ത എല്ലാ തീരുമാനങ്ങൾക്കും വിരുദ്ധമായിട്ടാണു് പ്രവർത്തിക്കുന്നതെന്നു് ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) അടിയന്തിരമായി പ്രസ്തുത തൊഴിൽ പ്രശ്നം പരിഹരിച്ചു് തൊഴിലാളികൾക്കു് സംരക്ഷണം നൽകുവാൻ നടപടിയെടുക്കുമോ ?

ഗതാഗതവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. കെ. ടി. അച്യുതൻ) :

(എ) അസിസ്റ്റന്റു് ലേബർ ആഫീസർ, ഡിസ്ട്രിക്റ്റു് ലേബർ ആഫീസർ കണ്ണൂർ, ഡെപ്യൂട്ടി ലേബർ കമ്മീഷണർ കോഴിക്കോടു് എന്നിവരെ അനുരഞ്ജനനടപടികൾക്കായി നിയോഗിച്ചിരുന്നു.

(ബി) അങ്ങനെ ഗവണ്മെൻറിന്റെ ശ്രദ്ധയിൽ പെട്ടിട്ടില്ല.

(സി) അടിയന്തിരമായി തൊഴിൽ പ്രശ്നം പരിഹരിക്കുവാൻവേണ്ട നടപടികളും എടുത്തുകൊണ്ടിരിക്കുകയാണു്.

ശ്രീ. ടി. സി. നാരായണൻ നമ്പ്യാർ : ലേബർ ഡിപ്പാർട്ടുമെന്റു് അധികൃതന്മാർ അവിടെ തൊഴിലാളി സംഘടനകളും മുതലാളിമാരുടെ സംഘടനകളും നിർദ്ദേശിച്ചിട്ടുള്ള യാതൊരു തീരുമാനങ്ങൾക്കും വഴിപ്പെട്ടിട്ടില്ല എന്നു മാത്രമല്ല, തൊഴിലാളികൾ സത്യഗ്രഹം ചെയ്ത അവസരത്തിൽ അവരെ പോലീസ് ബലം പ്രയോഗിച്ചു മാറ്റുകയാണു് ചെയ്തതെന്നു അറിയാമോ ?

LIBRARY ARCHIVES Kerala Legislative Assembly